ഹരിതകേരളം മിഷൻ
കേരള സർക്കാർ

പ്രസിദ്ധീകരണത്തിന്

24.08.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

## ശുചിത്വ – മാലിന്യ സംസ്കരണ പദ്ധതികൾ മാർഗ്ഗരേഖയ്ക്കനുസൃതമാക്കാൻ പരിശീലനം

സംസ്ഥാനം സമ്പൂർണ്ണ മാലിന്യ രഹിതമാക്കാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 15 നു ആരംഭിച്ച മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പദ്ധതി ഊർജ്ജിതമായി പുരോഗമിക്കുന്നു. സമഗ്ര ശുചിത്വ മാലിന്യസംസ്കരണ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പരിചയപ്പെടുത്തുന്നതിനും പ്രായോഗിക തലത്തിൽ അവ നടപ്പിലാക്കുന്നതിനുമായുള്ള പരിശീലനം സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ചു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും അവരുടെ ഭൂപ്രദേശത്ത് നടപ്പാക്കാനായി ഇതിനകം അംഗീകാരം വാങ്ങിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാക്കി മെച്ചപ്പെടുത്തുകയാണ് പരിശീലനത്തിന്റെ മുഖ്യലക്ഷ്യം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനായി നീക്കിവച്ചിട്ടുള്ള 10 ശതമാനം തുക ഫലപ്രദമായി ഉപയോഗിക്കാൻ ഇതുവഴി സാധിക്കും. ജില്ലാ-ബ്ലോക്ക്-മുനിസിപ്പൽ തല പരിശീലനമാണ് ഇപ്പോൾ നടക്കുന്നത്. തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാർ, ഉപാധ്യക്ഷൻമാർ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, വികസന സ്ററാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ആസൂത്രണ സമിതി വൈസ് ചെയർമാൻമാർ, ശുചിത്വ ആരോഗ്യ സമിതി കൺവീനർമാർ സെക്രട്ടറിമാർ എന്നിവർക്കാണ് ഹരിതകേരളം മിഷന്റെയും കിലയുടെയും നേതൃത്വത്തിൽ പരിശീലനം നൽകുന്നത്. ഈ മാസം 29 ഓടെ പരിശീലനം പൂർത്തിയാകും. തുടർന്ന് പദ്ധതികളിൽ ഭേദഗതികൾ ആവശ്യമെങ്കിൽ അവ സെപ്തംബർ 15 നകം വരുത്തുകയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യും.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർ, ബ്ലോക്ക് പ്രസിഡണ്ടുമാർ, ജില്ലാകളക്ടർമാർ എന്നിവർ വിവിധ പരിശീലന പരിപാടികളുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം – 695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in